(ഡി) കമ്മിഷന്റെ പ്രവർത്തനം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണിമോഷണം

(42)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏനാദിമംഗലം പഞ്ചായത്തിൽ മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണ്ണി മോഷണംപോയത് സംബന്ധിച്ച് അടൂർ പോലീസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) അടൂർ പോലീസ് സ്റ്റേഷനിൽ 647/96 നമ്പരായി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷിച്ചിരുന്നു. തുടർന്ന് 16.3.97-ൽ കേസ്സ് തെളിയേണ്ട പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

(ബി) ഇല്ല.

ദേവാലയ മോഷണങ്ങൾ

(43) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ദേവാലയങ്ങളിൽ മോഷണം നടത്തിയിട്ടുണ്ട്;

(ബി) ക്രിസ്ത്യൻ പള്ളി, മുസ്ലീം പള്ളി, ക്ഷേത്രങ്ങൾ, മറ്റു മതവിഭാഗങ്ങളിൽപ്പെടുന്നവരുടെ ആരാധനാലയങ്ങൾ എന്നിവയിൽ ഈ കാലഘട്ടത്തിൽ എത്ര മോഷണംവീതം നടന്നു;

(സി) ഈ കാലഘട്ടത്തിൽ നടന്ന ദേവാലയ മോഷണങ്ങളിൽ എത്ര കേസ്സുകളിൽ മോഷ്ടാക്കളെ അറസ്റ്റുചെയ്തു; എത്ര കേസ്സുകളിൽ മോഷണ വസ്തുക്കൾ തിരിച്ചുകിട്ടി എന്നറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

പോലീസുകാർ ഉൾപ്പെട്ട കേസ്സുകൾ

(44) ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം എന്നിവയുൾക്കൊള്ളുന്ന എത്ര കേസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസുകാർ കുറ്റവാളികളായി കേസ്സുകൾ രജിസ്റ്റർചെയ്യപ്പെടുമ്പോൾ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 620.

(ബി)

മോഷണം	-	14
കബളിപ്പിക്കൽ	-	36
ബലാൽസംഗം	-	7
പിടിച്ചുപറി	-	12
ദേഹോപദ്രവം	-	324

(സി) നിയമനടപടികളും വകുപ്പുതല ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു.

സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീപീഡനക്കേസ്സുകൾ

(45) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധനത്തിന്റെ പേരിലുള്ള സ്ത്രീപീഡന കേസ്സുകളുടെ എണ്ണം ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീധനത്തിനെതിരായും, സ്ത്രീജനക്ഷേമത്തിനുവേണ്ടിയും ഇന്ന് നിലവിലുള്ള നിയമം പര്യാപ്തമാണോ;

(സി) അല്ലെങ്കിൽ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരാനോ ഭേദഗതി ചെയ്യുവാനോ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കൈകാര്യം ചെയ്തിട്ടുണ്ട്;

(ഇ) സ്ത്രീധനപീഡനവും തുടർന്നുള്ള മരണവും ആത്മഹത്യയായി ചിത്രീകരിക്കുന്നതുമൂലം കുറ്റവാളികൾ രക്ഷപ്പെടുവാനിടയാക്കുന്നതായി പരാതി ഉയർന്നിട്ടുണ്ടോ?

ഉത്തരം

(എ) ചില ജില്ലകളിൽ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരാതികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(ബി) ആണ്.

(സി) ഉദിക്കുന്നില്ല.

(ഡി) 5515 കേസ്സുകൾ.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly